# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 1516 · 11.08.2017-ൽ മറുപടി പറയേണ്ടത്

## തിരുവനന്തപുരം കോർപ്പറേഷൻ പുനർ നാമകരണം ചെയ്ത നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷന്റെ നിലവിലെ പേര് എന്താണ്; | (എ) | മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം. |
| (ബി) | പുതുതായി നാമകരണം നടത്തിയത് എന്നാണ്; ഇത്തരത്തിൽ പുനർനാമകരണം ചെയ്ത നടപടിക്ക് നിയമപ്രാബല്യം ഉണ്ടായിരുന്നോ; | (ബി) | 1994-ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 4 പ്രകാരമാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്. ആയതിന് കേരള മുനിസിപ്പാലിറ്റി ആക്ട് നിലവിൽ വന്ന 1994 മേയ് 30 മുതൽ പ്രാബല്യമുള്ളതാണ്. |
| (സി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്ന് സാർവ്വത്രികമായി ഉപയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | ഔദ്യോഗികമായി 'മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം' എന്ന് തന്നെയാണ് ഉപയോഗിച്ചു വരുന്നത്. കത്തിടപാടുകളിൽ മുനിസിപ്പൽ കോർപ്പറേഷൻ എന്നതിന്റെ സമാനാർത്ഥമുള്ള മലയാള പദം 'നഗരസഭ' എന്നും ഉപയോഗിച്ചു വരുന്നു. നഗരസഭാ പ്രധാന കവാടത്തിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിൽ 'തിരുവനന്തപുരം നഗരസഭ' എന്നും "Corporation of Thiruvananthapuram" എന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ